സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – ദേവസ്വം കമ്മീഷണർ ആയി അന്യത്രസേവന വ്യവസ്ഥയിൽ നിയോഗിച്ചിട്ടുള്ള ശ്രീ. ബി.എസ്. പ്രകാശ് ന്റെ അന്യത്രസേവനം അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 01/2018/Est-1 (ii)** നന്തൻകോട്, **12/12/2023**

---

പരാമർശം :- 1)GO(Rt) No. 1484/2021/RD dated12-04-2021

2) 17–04–2021 ലെ ROC 01/2018/Est-1 നമ്പർ ഉത്തരവ്.

3) സ.ഉ (സാധാ) നമ്പർ 3775/2023/ RD തീയതി 19–10–2023.

4) 03–11–2023 ലെ ROC 01/2018/Est-1 നമ്പർ ഉത്തരവ്.

5) 12–12–2023 ലെ ROC 01/2018/Est-1(i) നമ്പർ ഉത്തരവ്.

## ഉത്തരവ്

പരാമർശം 1 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേവസ്വം കമ്മീഷണർ ആയും ശബരിമല മാസ്റ്റർപ്ലാൻ ഹൈപവർ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറിയായും അന്യത്രസേവന വ്യവസ്ഥയിൽ ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി ശ്രീ. ബി.എസ്. പ്രകാശിനെ നിയോഗിച്ചിരുന്നു (പരാമർശം –2).

ടിയാന്റെ അന്യത്രസേവന കാലാവധി 19–10–2023 മുതൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അംഗീകാരത്തോടെ പുതിയ പാനൽ ലഭ്യമാക്കി അതിൽ നിന്നുള്ള കമ്മീഷണർ ചുമതല ഏൽക്കുന്നതുവരെ ദീർഘിപ്പിച്ചുകൊണ്ടുള്ള പരാമർശം 3 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ കമ്മീഷണർ ചാർജ്ജെടുക്കുന്നതുവരെ ടിയാന്റെ സേവന കാലയളവ് ദീർഘിപ്പിച്ച് ഉത്തരവായിരുന്നു (പരാമർശം –4).

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ശ്രീ. സി.എൻ. രാമൻ –ന് കമ്മീഷണർ കേഡറിലേക്ക് സ്ഥാനക്കയറ്റം നൽകി ദേവസ്വം കമ്മീഷണർ ആയി നിയോഗിച്ച് പരാമർശം 5 ആയി ഉത്തരവ് പുറപ്പെടുവിച്ചു. ഈ സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ദേവസ്വം കമ്മീഷണർ ആയും ശബരിമല മാസ്റ്റർപ്ലാൻ ഹൈപവർ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറിയായും അന്യത്രസേവന വ്യവസ്ഥയിൽ ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി ശ്രീ. ബി.എസ്. പ്രകാശിന്റെ അന്യത്രസേവനം ശ്രീ. സി.എൻ. രാമൻ ചാർജ്ജ് എടുക്കുന്ന മുറയ്ക്ക് അവസാനിപ്പിച്ചും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

(മറുപുറം)

ശ്രീ. ബി.എസ്. പ്രകാശ്,
ദേവസ്വം കമ്മീഷണർ,
തിരുവിതാംകൂർ ദേവസ്വം ബോർഡ്

ശ്രീ. സി.എൻ. രാമൻ,
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(ഫിനാൻസ് ഇൻസ്പെക്ഷൻ)

പകർപ്പ് :-

1. ബഹു: തിരുവിതാംകൂർ-കൊച്ചിൻ ദേവസ്വം ബോർഡ് ഓബുഡ്സ്മാന്റെ സെക്രട്ടറിയ്ക്ക് - ആമുഖ കത്ത് സഹിതം
2. സ്പെഷ്യൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്, കേരള സർക്കാർ - ആമുഖ കത്ത് സഹിതം
3. അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്, കേരള സർക്കാർ - ആമുഖ കത്ത് സഹിതം
4. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
5. ഐ.റ്റി. സെക്ഷൻ
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK